**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ബഫർ സോൺ വിഷയത്തിൽ ഫീൽഡ് പരിശോധന നടത്തുന്നതിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ പ്രത്യേക സമിതി എന്തൊക്കെ കാര്യങ്ങളാണ് പരിശോധിച്ചത്; പ്രസ്തുത സമിതി നാളിതുവരെ ചേർന്ന യോഗങ്ങളുടെ മിനിട്സ് ലഭ്യമാക്കുമോ; | (എ) | ഇക്കോ സെൻസിറ്റീവ് സോൺ വിഷയത്തിൽ ഭൗതിക സ്ഥലപരിശോധന നടത്തുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതി പൊതുജനപങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച വനം വകുപ്പ് / തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തിയാണ് വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കുന്നത്. വിദഗ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 30-10-2022, 24-11-2022, 04-12-2022, 11-12-2022, 20-12-2022, 24-12-2022, 27-12-2022, 30-12-2022, 11-01-2023, 28-01-2023 എന്നീ തീയതികളിലായി നാളിതുവരെ പത്ത് യോഗങ്ങൾ ചേർന്നിട്ടുണ്ട്. ടി യോഗങ്ങളുടെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സമിതി, റിപ്പോർട്ട്/ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | വിദഗ്ധ സമിതിയുടെ റിപ്പോർട്ട് /ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

**സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമാണങ്ങളും ഇതര വിവിധ പ്രവർത്തനങ്ങളും എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധന സമിതിയുടെ, 30 -10 -2022 ൽ എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ 10 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം ചുവടെ ചേർത്തിട്ടുണ്ട്.

ബഹു: സുപ്രീം കോടതിയുടെ 03-06-2022 ലെ IA 1000/2003 (WP(C) 202/95) നമ്പർ കേസിലെ വിധി പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ അതിർത്തിയിൽ നിന്നും ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച ബഹു: സുപ്രീം കോടതിയുടെ മേൽ വിധിയിലെ ഖണ്ഡിക 44(C) പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമാണങ്ങളും ഇതര വിവിധ പ്രവർത്തനങ്ങളും എന്നിവ സംബന്ധിച്ച വിവരങ്ങൾ ബഹു. സുപ്രീം കോടതി മുൻപാകെ സമയബന്ധിതമായി സമർപ്പിക്കേണ്ടതുണ്ട്. ടി വിവരങ്ങൾ ശേഖരിക്കുന്നതിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവിറോൺമെന്റ് സെന്ററുമായി (KSREC) സംസ്ഥാന സർക്കാർ ധാരണാപത്രത്തിൽ ഏർപ്പെട്ടിരുന്നതും പ്രസ്തുത റിപ്പോർട്ട് KSREC സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമാണങ്ങളും ഇതര വിവിധ പ്രവർത്തനങ്ങളും എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ. ഉ. (സാധാ) നമ്പർ 424/2022/വനം ഉത്തരവ് പ്രകാരം ഒരു വിദഗ്ധ പരിശോധന സമിതിയെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ഈ യോഗത്തിൽ ടി റിപ്പോർട്ട്

അവതരിപ്പിക്കപ്പെടുകയും ആയതു സമിതി വിശദമായി ചർച്ച ചെയ്യുകയും ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**യോഗ തീരുമാനങ്ങൾ**

1. ബഹു: സുപ്രീം കോടതിയുടെ 03-06-2022 ലെ IA 1000/2003 (WP(C) 202/95) വിധിയിലെ പ്രസക്ത ഭാഗങ്ങൾ പൊതു അറിവിലേക്ക് എത്തിക്കുവാൻ സമിതി നിർദേശിച്ചു.
2. KSREC തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ പരിശോധന സമിതിയുടെ മേൽനോട്ടത്തിലുള്ള ഫീൽഡ് വെരിഫിക്കേഷൻ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ റവന്യൂ, വനം-വന്യ ജീവി വകുപ്പുകളുടെയും മറ്റു വകുപ്പുകളുടെയും ഏകോപനത്തോടു കൂടി സമയബന്ധിതമായി പൂർത്തീകരിക്കുക
3. ഓരോ സംരക്ഷിത പ്രദേശങ്ങളുടെ ചുറ്റുമുള്ള, വിദഗ്ധ പരിശോധന സമിതിയുടെ മേൽനോട്ടത്തിലുള്ള ഫീൽഡ് പരിശോധന, അതാത് മേഖലയുടെ പ്രാദേശികമായ പ്രത്യേകതകൾ കൂടി കണക്കിലെടുത്തു കൊണ്ട് ചെയ്യുവാൻ തീരുമാനിച്ചു.
4. ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ Stakeholders ന്റെയും അഭിപ്രായങ്ങൾ കണക്കിലെടുത്തു മുന്നോട്ടു പോകുവാൻ തീരുമാനിച്ചു.

യോഗം 12:30 PM നു അവസാനിച്ചു.

ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ
30-10-2022

യോഗത്തിൽ പങ്കെടുത്തവർ

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)
2. Dr. വി വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ശ്രീ കെ ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യ ജീവി വകുപ്പ്.
5. ശ്രീ കെ ജെ വർഗീസ്, (PCCF Retd.)
6. ശ്രീ പ്രമോദ് ജി കൃഷ്ണൻ, APCCF (Vigilance & Forest Intelligence)
7. Dr. റിച്ചാർഡ് സ്കറിയ, ഭൂമി ശാസ്ത്ര അധ്യാപകൻ, ചിറ്റൂർ, ഗവൺമെന്റ് കോളേജ്
8. Dr. സന്തോഷ് കുമാർ എ വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
9. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില

**<u>സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ 24.11.2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ഉച്ചയ്ക്ക് ശേഷം 3.30 ന് യോഗം ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ.ഉ (സാധാ) No. 424/2022/വനം ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ ആദ്യ യോഗം 30.10.2022-ന് ചേർന്നിരുന്നു. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെ പറ്റി യോഗത്തിൽ ആദ്യമായി ചർച്ച ചെയ്യപ്പെട്ടു.

മേൽ പരാമർശിച്ച വിവരശേഖരണത്തിനായി തദ്ദേശ സ്വയംഭരണം, റവന്യൂ, ജലവിഭവം, കൃഷി, ഊർജ്ജം, മൃഗ സംരക്ഷണം, പരിസ്ഥിതി, വനം- വന്യജീവി തുടങ്ങിയ വകുപ്പുകളിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ നോമിനേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ, പിസിസിഎഫ് (ഹോഫ്), ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവരോട് ആവശ്യപ്പെട്ടിരുന്നതും അപ്രകാരം കൃഷി വകുപ്പ് ഒഴികെ മേൽ പരാമർശിച്ച വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ നോമിനേറ്റ് ചെയ്തുകൊണ്ട് കത്തുകൾ ലഭിച്ചിട്ടുണ്ടെന്നും വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്പ് ഉപയോഗിക്കുന്നതിനായി വനം വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്റർ (KSREC) മുഖേന ട്രെയിനിങ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. പ്രസ്തുത ഭൗതിക സ്ഥല പരിശോധന സംബന്ധിച്ച വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്തുവാനായി eszexpertcommittee@gmail.com എന്ന ഇ-മെയിൽ ആരംഭിച്ചിട്ടുള്ള വിവരവും അദ്ദേഹം കൂട്ടിചേർത്തു.

ഭൗതിക സ്ഥല പരിശോധന, പൈലറ്റ് അടിസ്ഥാനത്തിൽ, നെയ്യാർ പേപ്പാറ വന്യജീവി സങ്കേതത്തിനു ചുറ്റുമായി, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആവശ്യമായ ട്രെയിനിങ് നൽകിക്കൊണ്ട് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

03.06.2022-ലെ ഇക്കോ സെൻസിറ്റിവ് സോൺ സംബന്ധിച്ച ബഹു സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധനയുടെ പ്രാധാന്യത്തെ പറ്റിയും ആയതുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ അഭിപ്രായം കേൾക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം യോഗത്തിൽ തുടർന്ന് ചർച്ച ചെയ്യപ്പെടുകയും ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**<u>യോഗതീരുമാനങ്ങൾ</u>**

1. പൈലറ്റ് അടിസ്ഥാനത്തിൽ നെയ്യാർ പേപ്പാറ വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള പഞ്ചായത്തുകളിൽ, തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആവശ്യമായ



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 25/11/2022 03:42 PM

ട്രെയിനിങ് നൽകിക്കൊണ്ട് ഫീൽഡ് തല പരിശോധന നടത്തുന്നതിനും തുടർന്ന് സർക്കാരിലേക്ക് ഒരു Interim reportസമർപ്പിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു.

2. സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും **15.12.2022** നു മുൻപായി **eszexpertcommittee@gmail.com** എന്ന ഇ-മെയിലിലേക്കോ, **ജോയിന്റ് സെക്രട്ടറി, വനം വന്യജീവി വകുപ്പ് അഞ്ചാം നില, സെക്രട്ടേറിയറ്റ് അനെക്സ് II ബിൽഡിങ്, തിരുവനന്തപുരം-695001** എന്ന വിലാസത്തിലോ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച പത്രക്കുറിപ്പ് ഇറക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പിനോട് ആവശ്യപ്പെടുന്നതിനും യോഗത്തിൽ തീരുമാനിച്ചു.

യോഗം 4.30 PM നു അവസാനിച്ചു.

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)
2. Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ശ്രീ കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്
5. ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)
6. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)
7. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില
8. Dr. സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
9. Dr. റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്

–



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 25/11/2022 03:42 PM

**സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ , വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതിയുടെ , 04.12.2022-ൽ എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ രാവിലെ 10.30.ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ , വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ.ഉ (സാധാ) No. 424/2022/വനം ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതിയുടെ ആദ്യ യോഗം 30.10.2022-നും രണ്ടാമത്തെ യോഗം 24.11.2022-ൽ ഓൺലൈനായും ചേർന്നിരുന്നു. പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികളെ പറ്റി യോഗത്തിൽ ആമുഖമായി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

സോണിലെ ഫീൽഡ് വെരിഫിക്കേഷൻ നടത്തുമ്പോൾ ഉണ്ടാകുന്ന കാലതാമസവും ചെലവും പ്രസ്തുത മേഖലയിൽ സർവ്വേ സംബന്ധിച്ച ജോലി ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ അംഗങ്ങൾക്ക് നേരിടേണ്ടി വരുന്ന പ്രായോഗിക വൈഷമ്യങ്ങളെയും പറ്റി തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണിലെ പൈലറ്റ് സ്റ്റഡിയുടെ കരട് സംക്ഷിപ്ത റിപ്പോർട്ട് KSREC-ലെ ഉദ്യോഗസ്ഥൻ സമിതി മുൻപാകെ സമർപ്പിച്ചു. മറ്റ് സംരക്ഷിത പ്രദേശങ്ങളിലെ സമാനമായ റിപ്പോർട്ട് ഒരാഴ്ച്ചയ്ക്കുള്ളിൽ സമിതി മുൻപാകെ സമർപ്പിക്കാമെന്നും KSREC -ലെ ഉദ്യോഗസ്ഥൻ അറിയിച്ചു.

മേൽ സാഹചര്യത്തിൽ, KSREC സമർപ്പിച്ച പ്രകാരമുള്ള റിപ്പോർട്ട് വിശദീകരണസഹിതം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചശേഷം ആയതിന്മേലുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പൊതുജനങ്ങളിൽ നിന്നും സമിതി സ്വീകരിച്ച് ആവശ്യാനുസരണം പരിശോധന

നടത്താവുന്നതാണെന്ന പരിസ്ഥിതി വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം സമിതി ചർച്ച ചെയ്തു.

സമിതി നടത്തുന്ന സ്ഥല പരിശോധന , സോണിലെ നിർമ്മിതികളെ സംബന്ധിച്ച Approximation ആയിരിക്കണമെന്നും അന്തിമം ആക്കേണ്ടതില്ലെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ അഭിപ്രായപ്പെട്ടു.

**യോഗതീരുമാനങ്ങൾ**

1. ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട്, KSREC ഉപഗ്രഹ ചിത്രങ്ങൾ മുഖാന്തിരം തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ട്,, തുടർ പഠനത്തിന് തടസ്സമില്ലാതെ, ബഹു സുപ്രീം കോടതി മുൻപാകെ സമർപ്പിക്കുന്നതിന് സർക്കാരിലേക്ക് സമിതി ശിപാർശ ചെയ്തു.
2. ടി റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം , പഞ്ചായത്ത് തല / വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമിതികളുടെ വിവരങ്ങളും മാപ്പുകളും സഹിതം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അതാത് പഞ്ചായത്തുകൾക്ക് പൊതു അറിവിലേക്കായി നൽകുകയും ചെയ്യും. മാധ്യമങ്ങൾക്കും ഈ വിവരങ്ങൾ ലഭ്യമായിരിക്കും . ഇത് ഡിസംബർ 11 നുള്ളിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. പ്രസ്തുത രേഖകളിൽ ഉൾപ്പെടാതെ പോയിട്ടുള്ള ഏതെങ്കിലും നിർമ്മിതികൾ ഉണ്ടെന്നുവരികിൽ ആയവയുടെ വിശദാംശങ്ങൾ , പൊതുജനങ്ങൾക്ക് നിർദിഷ്ട പ്രൊഫോർമയിൽ ഡിസംബർ 23 നകം eszexpertcommittee@gmail.com എന്ന ഇ – മെയിലിലേക്കോ, ജോയിന്റ് സെക്രട്ടറി, വനം വന്യജീവി വകുപ്പ് , അഞ്ചാം നില, സെക്രട്ടേറിയറ്റ് അനെക്സ് II ബിൽഡിങ്, തിരുവനന്തപുരം–695001 എന്ന വിലാസത്തിലോ അറിയിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങൾ LSGD കുടുംബശ്രീ മുഖേന വെരിഫിക്കേഷൻ നടത്തി ജനുവരി 14 –നകം തുടർനടപടികൾക്കായി സമിതിയ്ക്ക് സമർപ്പിക്കേണ്ടതാണ്
4. മേൽ വിവരിച്ച പ്രകാരമുള്ള പരിശോധനയും നിർമ്മിതികളെ കുറിച്ചുള്ള വിവരശേഖരണവും പരിധി മേഖലയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് ബഹു സുപ്രീം കോടതി മുൻപാകെ തൽസ്ഥിതി ബോധ്യപ്പെടുത്തുന്നതിനു അവശ്യം വേണ്ടത് (essential requisite ) മതിയാകും.

5. വിദഗ്ധ പരിശോധനാസമിതിയുടെ നടപടികളെ പറ്റിയുള്ള ലളിതമായ കുറിപ്പ് പൊതു അറിവിലേക്ക് പത്രക്കുറിപ്പായി പ്രസിദ്ധീകരിക്കുക.

6. സമിതിയുടെ അടുത്ത യോഗം 11.12.2022 ന് രാവിലെ 10.30 മണിയ്ക്ക് ചേരുന്നതിനു തീരുമാനിച്ചു.

യോഗം 11.30 –ന് അവസാനിച്ചു.

**വിദഗ്ധ പരിശോധന സമിതി**

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)

2. Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

4. ശ്രീ കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്

5. ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)

**സാങ്കേതിക സമിതി**

1. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)

2. Dr.സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

3. Dr.റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്

**Special Invitee**

ശ്രീമതി പ്രകൃതി ശ്രീവാസ്തവ, പ്രിൻസിപ്പൽ ചീഫ് കൺസെർവെറ്റർ ഓഫ് ഫോറെസ്റ്റ്സ് (വൈൽഡ് ലൈഫ് ) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ

**സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീട്ടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതി, 11.12.2022 - ൽ വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ രാവിലെ 10.30-ന് ആരംഭിച്ചു . യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീട്ടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന്, 30.09.2022-ലെ സ.ഉ (സാധാ) No. 424/2022/വനം, ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ, 04.12.2022-ൽ ചേർന്ന യോഗ തീരുമാനപ്രകാരം സ്വീകരിച്ച നടപടികളെ പറ്റി, ആമുഖമായി സംസാരിച്ച വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. കേരളത്തിലെ എല്ലാ സംരക്ഷിത പ്രദേശങ്ങളുടെയും ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീട്ടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച്, ഉപഗ്രഹ ചിത്രങ്ങൾ മുഖാന്തിരം തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം, പഞ്ചായത്ത് തല / വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമിതികളുടെ വിവരങ്ങളും മാപ്പുകളും സഹിതം, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്റർ (KSREC) വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത രേഖകളിൽ ഉൾപ്പെടാതെ പോയിട്ടുള്ള വിവരങ്ങൾ ഉണ്ടെങ്കിൽ ആയത് പൊതുജനങ്ങൾക്ക് അറിയിക്കുവാനുള്ള പ്രൊഫോർമയുടെ കരട് KSREC തയ്യാറാക്കിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

തുടർന്ന്, KSREC ഡയറക്ടർ ടി പ്രൊഫോർമയുടെ കരട് അവതരിപ്പിച്ചു. ടി പ്രൊഫോർമയിൽ ഉൾപ്പെടുത്തിയ സർവ്വേ നമ്പർ, സബ് ഡിവിഷൻ നമ്പർ, കെട്ടിടത്തിന്റെ ഫോട്ടോ തുടങ്ങിയ വിവിധ കാര്യങ്ങളെ പറ്റി യോഗത്തിൽ വിശദമായി ചർച്ച ചെയ്യപ്പെട്ടു.

ടി പ്രൊഫോർമയിലെ സർവ്വേ നമ്പർ, സബ് ഡിവിഷൻ നമ്പർ തുടങ്ങിയ വിവരങ്ങൾ പൂരിപ്പിക്കുവാൻ പൊതുജനങ്ങളെ സഹായിക്കേണ്ടതായിവരുമെന്നും ആയതിനായി ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ

11/12/2022

(1)

ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

തുടർന്ന്, ടി പ്രൊഫോർമയിൽ വരുത്തേണ്ട മാറ്റങ്ങളെ പറ്റി യോഗത്തിൽ ചർച്ച ചെയ്യുകയും അതിൻപ്രകാരം പുതുക്കിയ പ്രൊഫോർമ KSREC ഡയറക്ടർ തയ്യാറാക്കി യോഗത്തിൽ അവതരിപ്പിക്കുകയും ആയത് യോഗം അംഗീകരിക്കുകയും ചെയ്തു.

പ്രൊഫോർമയിലൂടെ പൊതുജനങ്ങൾ, ഇതിനകം നിർദ്ദേശിച്ചിട്ടുള്ള വിലാസത്തിലേക്കോ ഇ-മെയിലിലേക്കോ നൽകുന്ന വിവരങ്ങൾ പരിശോധിക്കുന്നതിനെ പറ്റിയും ആയതിൽ duplication വരാനുള്ള സാധ്യതയെ പറ്റിയും യോഗ അധ്യക്ഷൻ സംസാരിച്ചു. ടി വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ തരം തിരിച്ച് നൽകുന്നത് ഉചിതമായിരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

പ്രസ്തുത വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ തരം തിരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, സ്ഥല പരിശോധന നടത്തി validate ചെയ്യുന്നതിനായി കൈമാറുന്നതാണെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

**യോഗതീരുമാനങ്ങൾ**

1) കേരളത്തിലെ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് KSREC തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ, പഞ്ചായത്ത് തല / വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമിതികളുടെ വിവരങ്ങളും മാപ്പുകളും സഹിതമുള്ള സംക്ഷിപ്ത രൂപവും, ആയതിൽ ഉൾപ്പെടാതെ പോയിട്ടുള്ള വിവരങ്ങൾ ഉണ്ടെങ്കിൽ ആയത് പൊതുജനങ്ങൾക്ക് അറിയിക്കുവാനുള്ള, യോഗം അംഗീകരിച്ച പ്രൊഫോർമയും ഉടൻ തന്നെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുക.
2) പ്രസ്തുത പ്രൊഫോർമയിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന്, പൊതുജനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടുക.

11/12/2022

(22)

3) പ്രസ്തുത വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക്, ആയത് പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച്, അതാത് ദിവസം, തദ്ദേശ സ്വയംഭരണ വകുപ്പിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, സ്ഥല പരിശോധന നടത്തി validate ചെയ്യുന്നതിനായി കൈമാറേണ്ടതാണ്.

4) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ വിലയിരുത്തുന്നതിന് 20-12-2022-ന് വൈകുന്നേരം 05.30 മണിയ്ക്കും, ഫീൽഡുതല വാലിഡേഷൻ സംബന്ധിച്ച അവലോകനത്തിന് 16-01-2023-ന് വൈകുന്നേരം 05.30 മണിക്കും യോഗം ചേരുന്നതിന് സമിതി തീരുമാനിച്ചു.

യോഗം 11.30 മണിയ്ക്ക് അവസാനിച്ചു.

**വിദഗ്ധ പരിശോധന സമിതി**

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)

2. Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

4. ശ്രീ കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്

5. ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)

**സാങ്കേതിക സമിതി**

1. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)

2. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില

3. Dr. സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

4. Dr. റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്

**Special Invitee**

ശ്രീ. ഗംഗ സിംഗ് ഐ.എഫ്.എസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം

approved
11/12/2022

<u>സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റു നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതി, 20 -12 -2022 ന വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ വൈകിട്ട് 5.30 ന് ആരംഭിച്ചു

എക്സ്പെർട്ട് കമ്മിറ്റിയുടെ ഇമെയിലിലും നേരിട്ടുള്ള തപാലിലുമായി അയ്യായിരത്തിലധികം പരാതികൾ പ്രൊഫോർമ്മയിലും അല്ലാതെയും ലഭിച്ചിട്ടുള്ള വിവരവും ആയതിൽ 1243 ഹർജികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്ന വിവരവും കൺവീനറായ വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. 20.12 .2022-ന ഇതേ വിഷയം സംബന്ധിച്ച് ചേർന്ന ബഹു മുഖ്യമന്ത്രിയുടെ യോഗത്തിലെ ചർച്ചയെയും തീരുമാനങ്ങളെയും കുറിച്ചും കൺവീനർ സൂചിപ്പിക്കുകയുണ്ടായി. വിദഗ്ധ സമിതിയുടെ കാലാവധി രണ്ടു മാസത്തേയ്ക്ക് കൂടി നീട്ടുന്നതും പൊതുജനങ്ങൾക്ക് ബഫർസോൺ സംബന്ധിച്ച ഹർജികൾ നൽകാനുള്ള കാലപരിധി 2023 ജനുവരി 7 വരെ നീട്ടിനൽകുന്നതും തീരുമാനങ്ങളിൽ ഉൾപ്പെട്ടും എന്നും കൺവീനർ അറിയിച്ചു.

എക്സ്പെർട്ട് കമ്മിറ്റിയുടെ ഉദ്ദേശ്യം എന്താണെന്നുള്ളതിനെക്കുറിച്ച് പൊതുവിലും, ബഫർ സോണിൽ വരാൻപാടില്ലാത്ത ജനവാസ കേന്ദ്രങ്ങളും നിർമിതികളും കണ്ടുപിടിക്കുക എന്ന ലക്ഷ്യത്തിനെ സഹായിക്കുന്ന തരത്തിൽ രേഖപ്പെടുത്തിക്കൊണ്ടുള്ള മാപ്പുകളാണ് സർക്കാർ വെബ്സൈറ്റിൽ വരേണ്ടിയിരുന്നത് എന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ സൂചിപ്പിച്ചു. നിർമ്മിതിയുടെ കണക്ക് എക്സ്പെർട്ട് കമ്മിറ്റി പരിശോധിക്കുന്നത് ജനങ്ങൾക്ക് സോണിനെപറ്റിയുള്ള ആശങ്ക പരിഹരിക്കുന്നതിന് വേണ്ടിയാകണമെന്നും KSREC ഡാറ്റ എന്നത് നിലവില എത്ര നിർമ്മിതികൾ ഉണ്ടെന്ന് സുപ്രീം കോടതിയെ ബോധിപ്പിക്കുന്നതിനു വേണ്ടിയാണെന്നും തുടർ നിർമ്മിതികൾ ഉണ്ടാവരുത് എന്ന ഉദ്ദേശ്യം ആണ് സുപ്രീം കോടതിക്കുള്ളത് എന്നും ACS കൂട്ടിച്ചേർത്തു.

KSREC നടത്തിയ സർവ്വേ സംബന്ധിച്ച് ജനത്തിന് തെറ്റിദ്ധാരണകൾ ഉണ്ടെങ്കിൽ, തെറ്റായ വിവരം ജനങ്ങൾക്ക് കിട്ടുന്നുണ്ടെങ്കിൽ അത് പരിഹരിക്കേണ്ടതാണെന്നും വിദഗ്ധ സമിതി സ്ഥലസംബന്ധിയായ വസ്തുതകൾ പരിശോധിച്ച ശേഷം നിലവിൽ സംസ്ഥാന സർക്കാർ എടുക്കേണ്ടതായ നിലപാട് സെൻട്രൽ എംപവേർഡ് കമ്മിറ്റി മുൻപാകെ ബോധിപ്പിക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ACS യോഗത്തെ അറിയിച്ചു. ജനുവരി 7 വരെ ജനങ്ങൾക്ക് പരാതികൾ നല്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തിന് അനുയോജ്യമായ വാസ്തവികമായ പ്രൊപോസൽ ആയിരുന്നു വെബ്സൈറ്റിൽ വരേണ്ടിയിരുന്നത് എന്നും ACS സൂചിപ്പിച്ചു.

3-6-2022 ലെ സുപ്രീം കോടതി ഉത്തരവിലെ 44(സി) പ്രകാരമുള്ള സ്ഥിതിവിവരക്കണക്കുകൾ നല്കാൻ സംസ്ഥാനങ്ങൾ ബാധ്യസ്ഥമാണെങ്കിലും അക്കാര്യത്തിൽ പൊതുജനതാല്പര്യവുമായി അനുരഞ്ജനത്തോടെ വേണം സംസ്ഥാനം അത് നിർവഹിക്കേണ്ടത് എന്നും പൊതുജനങ്ങളുടെ ആവാസത്തെ ബഫർസോണിൽ നിന്നും ഒഴിവാക്കുക എന്ന ലക്ഷ്യമാണ് പ്രധാനം എന്നും യോഗാധ്യക്ഷൻ അറിയിച്ചു. വനം വകുപ്പ് തയ്യാറാക്കിയ മാപ്പുകളിൽ KSREC ന്റെ കണ്ടെത്തലുകൾ superimpose ചെയ്തശേഷം ആ മാപ്പുകൾ LSG തലത്തിൽ പരിശോധിക്കേണ്ടതാണ് എന്നു അദ്ദേഹം യോഗത്തെ അറിയിച്ചു. റവന്യൂ, വനം വകുപ്പ്, തദ്ദേശഭരണ വകുപ്പ് എന്നിവരുടെ പ്രാതിനിധ്യമുള്ള സമിതികൾ പ്രാദേശികമായി നിർദേശിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് ACS, LSGD അറിയിച്ചു.

തീരുമാനങ്ങൾ :

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ ആശങ്കയും സംശയങ്ങളും പരിഹരിക്കാൻ വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകാം.
2. വനംവകുപ്പ് മുൻപ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള വാസ്തവികമായ മാപ്പുകളിൽ KSREC ന്റെ മാപ്പുകൾ superimpose ചെയ്തു കൊണ്ട് ഒരാഴ്ചയ്ക്കകം ബഫർസോൺ മാപ്പുകൾ തയ്യാറാക്കാം.

യോഗം വൈകിട്ട് 6.20- നു അവസാനിച്ചു.



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 26/12/2022 06:40 PM

**വിദഗ്ധ പരിശോധന സമിതി**

ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)

ഡോ. വി വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

ശ്രീമതി. ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

ശ്രീ. കെ ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്

ശ്രീ. കെ.ജെ വർഗ്ഗീസ് ഐ.എഫ്.എസ് (Rtd), മുൻ പി.സി.സി.എഫ്, വനം വകുപ്പ്.

**സാങ്കേതിക സമിതി**

ശ്രീ. പ്രമോദ്. ജി. കൃഷ്ണൻ ഐ.എഫ്.എസ്, അഡീഷണൽ പി.സി.സി.എഫ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)

ഡയറക്ടർ, KSREC

ഡോ. സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്.

ഡോ. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില

ഡോ. റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അധ്യാപകൻ, ചിറ്റൂർ ഗവ. കോളേജ്.



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 26/12/2022 06:40 PM

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ. വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതിയുടെ 24.12.2022-ൽ വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ വൈകുന്നേരം 7 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ.ഉ (സാധാ) നം. 424/2022/വനം ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ ആദ്യ യോഗം 30.10.2022-നും തുടർന്നുള്ള യോഗങ്ങൾ 24.11.2022, 04.12.2022, 11.12.2022, 20.12.2022 എന്നീ തീയതികളിലും ചേർന്നിരുന്നു.

ഉപഗ്രഹ ചിത്രങ്ങൾ മുഖാന്തിരം തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതിന് ശേഷം ആയതിൽ വിട്ടുപോയ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊഫോർമകൾ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്നുണ്ടെന്നും ആയവ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അയച്ചുകൊടുക്കുന്നുണ്ടെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 20.12.2022-ലെ ഉന്നത തല യോഗത്തിലെ തീരുമാനപ്രകാരം, ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകളിലെ മാപ്പുകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

11.12.2022-ലെ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പ്രൊഫോർമകൾ പരിശോധിച്ച് ഫീൽഡ് വെരിഫിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട്, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന വിവരവും പ്രസ്തുത സർക്കുലറിലെ വിവിധ നിർദ്ദേശങ്ങളെപ്പറ്റിയും, തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

ഇക്കോ സെൻസിറ്റീവ് സോൺ മാപ്പുകളിൽ, ബഫർ സോണും സംരക്ഷിത പ്രദേശവും കൂടുതൽ വ്യക്തമായി തിരിച്ചറിയുന്നതിനു സഹായിക്കുന്ന കളർ കോഡ് ഉപയോഗിക്കുന്നത് ഉചിതമായിരിക്കുമെന്നു തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി നിർദേശിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു.

ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ മാപ്പുകളിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ മാപ്പുകൾ അടുത്ത യോഗത്തിൽ KSREC ഉദ്യോഗസ്ഥൻ അവതരിപ്പിക്കുമെന്നും ഇത് സംബന്ധിച്ച വിശദമായ വിവരണം സഹിതം, ടി മാപ്പുകൾ



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 01/02/2023 12:39 PM

സർക്കാർ വെബ് സൈറ്റിൽ 27.12.2022-ന്റെ പ്രസിദ്ധീകരിക്കേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി.

യോഗതീരുമാനങ്ങൾ

1. ഇക്കോ സെൻസിറ്റീവ് സോൺ മാപ്പുകളിൽ, ബഫർ സോണും സംരക്ഷിത പ്രദേശവും കൂടുതൽ വ്യക്തമായി തിരിച്ചറിയുന്നതിനു സഹായിക്കുന്ന കളർ കോഡ് ഉപയോഗിക്കുക.
2. സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ മാപ്പുകളിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ മാപ്പുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

യോഗം 7.45-ന് അവസാനിച്ചു.

<u>വിദഗ്ധ പരിശോധന സമിതി</u>

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)
2 Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ശ്രീ കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്
5, ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)

**സാങ്കേതിക സമിതി**

1. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)
2. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില
3. Dr. സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
4. Dr.റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്

**സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതിയുടെ 27.12.2022-ൽ വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ വൈകുന്നേരം 5 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ.ഉ (സാധാ) നം. 424/2022/വനം ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ ആദ്യ യോഗം 30.10.2022-നും തുടർന്നുള്ള യോഗങ്ങൾ 24.11.2022, 04.12.2022, 11.12.2022, 20.12.2022, 24.12.2022 എന്നീ തീയതികളിലും ചേർന്നിരുന്നു.

24.12.2022-ലെ യോഗ തീരുമാനപ്രകാരം, ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റിവ് സോൺ മാപ്പുകളിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ മാപ്പുകൾ KSREC. തയ്യാറാക്കിയിട്ടുണ്ടെന്നും ആയവ വിശദമായ വിവരണം സഹിതം, നിലവിലെ പ്രൊഫോർമയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി, സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

നിലവിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട സ്ഥല പരിശോധന സംബന്ധിച്ചും ലഭിച്ചിട്ടുള്ള പ്രൊഫോർമകൾ സംബന്ധിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി തുടർന്ന് സംസാരിച്ചു. പ്രൊഫോർമകൾ വളരെ കൂടുതൽ ലഭിച്ചിട്ടുള്ള പഞ്ചായത്ത്/നഗരസഭകളിൽ സ്ഥലപരിശോധന ഉടൻതന്നെ ആരംഭിക്കേണ്ടതുണ്ടെന്നും ആയതിനായുള്ള ട്രെയിനിങ് ബന്ധപ്പെട്ടവർക്ക് KSREC മുഖേന അടിയന്തിരമായി നൽകണമെന്നും യോഗം വിലയിരുത്തി.

സ്ഥലപരിശോധന നടത്തി വിട്ടുപോയ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനായുള്ള മൊബൈൽ അപ്ലിക്കേഷൻ തയ്യാറായിട്ടുണ്ടെന്നും പ്രസ്തുത ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതിനായുള്ള ട്രെയിനിങ് നടപടികൾ പുരോഗമിക്കുകയാണെന്നും KSREC-ലെ സയന്റിസ്റ്റ് യോഗത്തിൽ വ്യക്തമാക്കി. തുടർന്ന്, ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റിവ് സോൺ മാപ്പുകളിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ മാപ്പുകൾ, അദ്ദേഹം യോഗത്തിൽ അവതരിപ്പിച്ചു.

സ്ഥലപരിശോധന നടത്തുന്നവരുടെ പേര് വിവരങ്ങൾ, ട്രെയിനിങ് നൽകുന്നതിനായി KSREC-ക്ക് കൈമാറാവുന്നതാണെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 01/02/2023 12:41 PM

**യോഗതീരുമാനങ്ങൾ**

1. സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റിവ് സോൺ മാപ്പുകളിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തികൊണ്ടുള്ള വിശദമായ മാപ്പുകൾ സർക്കാർ വെബ്സൈറ്റിൽ ഉടൻ പ്രസിദ്ധീകരിക്കുക.
2. കൂടുതൽ പ്രൊഫോർമകൾ ലഭിച്ചിട്ടുള്ള പഞ്ചായത്തുകളിൽ എത്രയും വേഗം സ്ഥലപരിശോധന ആരംഭിക്കുക.

യോഗം 6.15-ന് അവസാനിച്ചു.

**വിദഗ് ധ പരിശോധന സമിതി**

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)
2 Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ശ്രീ കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്
5, ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)

**സാങ്കേതിക സമിതി**

1. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)
2. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില
3. Dr സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
4. Dr റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 01/02/2023 12:41 PM

**സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതിയുടെ 30.12.2022-ൽ വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ വൈകുന്നേരം 3 മണിയ്ക്ക് ആരംഭിച്ചു.
യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ.ഉ (സാധാ) നം. 424/2022/വനം ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ ആദ്യ യോഗം 30.10.2022-നും തുടർന്നുള്ള യോഗങ്ങൾ 24.11.2022, 04.12.2022, 11.12.2022, 20.12.2022, 24.12.2022, 27.12.2022 എന്നീ തീയതികളിലും ചേർന്നിരുന്നു. പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികളെ പറ്റി യോഗത്തിൽ ആദ്യമായി ചർച്ച ചെയ്യപ്പെട്ടു.

സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച KSREC- യുടെ പ്രാഥമിക റിപ്പോർട്ടിൽ വിട്ടുപോയ വിവരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള 21375 പ്രൊഫോർമകൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ആയവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സ്ഥലപരിഷിധന നടത്തുന്നതിനായി കൈമാറുന്നുണ്ടെന്നും യോഗത്തിൽ ആമുഖമായി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കൂടാതെ ട്രെയിനിങ് ലഭിക്കേണ്ടവരുടെ പേരുവിവരം KSREC- ന് കൈമാറിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ, സംസ്ഥാനത്തെ, സംരക്ഷിത വനമേഖലയോട് ചേർന്നതും ഒരു കിലോമീറ്റർ പരിധിയിൽ വരുന്നതുമായ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വാർഡ് തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും ട്രെയിനിങ് നൽകികൊണ്ട്, സ്ഥല പരിശോധന പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

ട്രെയിനിങ്ങിനായ് ഇതുവരെ 264 പേരുടെ പേര് വിവരം ലഭിച്ചിട്ടുണ്ടെന്നും അതിൽ 200 പേർക്ക് 31.12.2022-ന രാവിലെ 11.00. മണിയ്ക്ക് ട്രെയിനിങ് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും KSREC സയന്റിസ്റ്റ് അറിയിച്ചു. യോഗം അത് അംഗീകരിച്ചു.

യോഗതീരുമാനങ്ങൾ

1. വിവിധ പഞ്ചായത്ത്/നഗരസഭ പരിധിയിലെ ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട സ്ഥല പരിശോധന നടത്തുന്നതിലേക്കിയുള്ള ട്രെയിനിങ് 31.12.2022-ന്



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 01/02/2023 12:41 PM

രാവിലെ 11.00 മണിയ്ക്ക് ആരംഭിക്കുക.

2. പൊതുജനങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പ്രൊഫോർമകൾ പരിശോധിച്ച്, സ്ഥല പരിശോധന നടത്തി എത്രയും വേഗം വെരിഫിക്കേഷൻ പൂർത്തിയാക്കുക.

**വിദഗ്ധ പരിശോധന സമിതി**

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)
2 Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ശ്രീ കെ.ആർ ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്
5, ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)

**സാങ്കേതിക സമിതി**

1. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)
2. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില
3. Dr സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
4. Dr റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്



Generated from eOffice by SAHIRSHA S R, ASST (D2) F&WLD, ASST (D2) F&WLD, F&WLD on 01/02/2023 12:41 PM

**സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ. വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതിയുടെ 11.01.2023-ൽ വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ വൈകുന്നേരം 5.30 മണിയ്ക്ക് ആരംഭിച്ചു. സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ.ഉ (സാധാ) നം. 424/2022/വനം ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ മുൻ യോഗതീരുമാനങ്ങളുടെ വെളിച്ചത്തിൽ ഇതുവരെ വരെ സ്വീകരിച്ച നടപടികളെ പറ്റി യോഗത്തിൽ വനം വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ആമുഖമായി സംസാരിച്ചു. ഒരു കിലോമീറ്റർ ദൂരപരിധിയിൽ നിലനിൽക്കുന്ന വിവിധ കെട്ടിടങ്ങൾ സംബന്ധിച്ച് ഇതുവരെ 40444 പരാതികൾ പഞ്ചായത്ത് തലത്തിൽ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും അപ്രകാരം 52245 കെട്ടിടങ്ങൾ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ ദൂര പരിധിയിൽ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫീൽഡ് തല സ്ഥല പരിശോധന, അസറ്റ് മാപ്പർ അപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ട്, ട്രെയിനിങ് നൽകപ്പെട്ട 400-ൽ പരം പ്രവർത്തകർ മുഖേന പുരോഗമിക്കുന്നുണ്ടെന്നും ആയതിൽ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കിക്കൊണ്ട് അന്തിമ ഡാറ്റ പോയിന്റ്സ് മാപ്പുകളിൽ കൊണ്ടുവരുന്നതിന് KSREC-ക്ക് കൂടുതൽ സമയം അനുവദിക്കണമെന്നും KSREC-ഉദ്യോഗസ്ഥർ അറിയിച്ചു. കൂടാതെ, ചിന്നാർ, ഇരവികുളം തുടങ്ങിയ ചില സംരക്ഷിത പ്രദേശങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്തുകളിലെ വിവരങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ലായെന്നും KSREC ഡയറക്ടർ കൂട്ടിച്ചേർത്തു.

ഇത്തരത്തിൽ, സ്ഥലപരിശോധന നടത്തി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളിൽ ഒരു അറിയിപ്പ് നൽകാവുന്നതാണെന്ന് വനം വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അറിയിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു.

യോഗം 6.15-ന് അവസാനിച്ചു.

## യോഗതീരുമാനങ്ങൾ

1. KSREC-യും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് കൊണ്ടുള്ള സ്ഥല പരിശോധന എത്രയും വേഗം പൂർത്തീകരിക്കുക.
2. ഭൗതിക സ്ഥലപരിശോധനയുടെ പുരോഗതി ഓരോ ആഴ്ചയിലും സമിതി വിലയിരുത്തുന്നതാണ്.
3. സ്ഥലപരിശോധന നടത്തി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളിൽ ഉടൻ തന്നെ അറിയിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. സമിതിയുടെ യോഗം ഓൺലൈൻ ആയി അടുത്ത ആഴ്ച ചേരുന്നതാണ്.

## വിദഗ്ധ പരിശോധന സമിതി

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)

2 Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

4. ശ്രീ കെ.ആർ ജ്യോതിലാൽ, അഡിഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്

5, ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)

## സാങ്കേതിക സമിതി

1. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)
2. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില
3. Dr. സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
4. Dr. റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്

**<u>സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ. വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ പരിശോധനാസമിതിയുടെ 28.01.2023-ൽ വീഡിയോ കോൺഫറൻസ് മുഖേന ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

യോഗം ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ഉച്ചയ്ക്ക് ശേഷം 3.30 മണിയ്ക്ക് ആരംഭിച്ചു. സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ഭൗതിക സ്ഥല പരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സ.ഉ (സാധാ) നം. 424/2022/വനം ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ധ പരിശോധനാ സമിതിയുടെ മുൻ യോഗ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ഇതുവരെ വരെ സ്വീകരിച്ച നടപടികളെ പറ്റി യോഗത്തിൽ വനം വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ആമുഖമായി സംസാരിച്ചു. ഒരു കിലോമീറ്റർ ദൂരപരിധിയിൽ നിലനിൽക്കുന്ന വിവിധ കെട്ടിടങ്ങൾ സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ഇതുവരെ 60814 കെട്ടിടങ്ങൾ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ ദൂര പരിധിയിൽ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സമിതിയുടെ കാലാവധി 2023 ഫെബ്രുവരി മാസം അവസാനിക്കുന്ന സാഹചര്യത്തിൽ, സർക്കാരിലേക്ക് സമർപ്പിക്കേണ്ട അന്തിമ റിപ്പോർട്ട് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ആയതിനായി, സ്ഥല പരിശോധന നടത്തി ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന വിവിധ കെട്ടിടങ്ങൾ സംബന്ധിച്ച അന്തിമ ഡാറ്റ പോയിന്റ്സ് മാപ്പുകളിൽ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് KSREC- ന് ഒരു സമയപരിധി നൽകുന്നതിനും യോഗം തീരുമാനിച്ചു.

യോഗം 3.30-ന അവസാനിച്ചു..

**<u>യോഗതീരുമാനങ്ങൾ</u>**

1. അസറ്റ് മാപ്പറിലൂടെ ഇനിയും അപ്‌ലോഡ് ചെയ്യുവാനുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ നാലു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപ്‌ലോഡ് ചെയ്യണം.
2. സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച കരട് റിപ്പോർട്ട് 2023 ഫെബ്രുവരി 10-നകം, KSREC, സമിതിയ്ക്ക് മുൻപാകെ സമർപ്പിക്കേണ്ടതാണ്.
3. സമിതിയുടെ അടുത്ത യോഗം 12.02.2023-ന് ഓൺലൈനായി ചേരുന്നതാണ്.

**<u>വിദഗ്ധ പരിശോധന സമിതി</u>**

1. ജസ്റ്റിസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ (ചെയർമാൻ)

2 Dr. വി. വേണു, അഡിഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്

3. ശ്രീമതി. ശാരദ മുരളീധരൻ, അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

4. ശ്രീ കെ.ആർ ജ്യോതിലാൽ, അഡിഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്

5, ശ്രീ. കെ.ജെ വർഗീസ്, പി.സി.സി.എഫ് (Rtd)

**<u>സാങ്കേതിക സമിതി</u>**

1. ശ്രീ. പ്രമോദ് ജി കൃഷ്ണൻ, എപിസിസിഎഫ് (വിജിലൻസ് & ഫോറെസ്റ്റ് ഇന്റലിജൻസ്)
2. Dr. ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില
3. Dr. സന്തോഷ് കുമാർ എ.വി, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
4. Dr. റിച്ചാർഡ് സ്കറിയ, ഭൂമിശാസ്ത്ര അദ്ധ്യാപകൻ, ചിറ്റൂർ ഗവൺമെന്റ് കോളേജ്

**Special Invitee**

ശ്രീ. ഗംഗ സിംഗ് ഐ.എഫ്.എസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം